MONDAY

തിങ്കളാഴ്ച

15/12/2025

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. KS**

**Editor : Dr. G.Pramodkumar**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/12/2025

1. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ റാബി 2 സീസൺ (2024-25) കർഷകർക്ക് ഡിസംബർ 31 വരെ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ അധിക അളവിൽ അലൂമിനിയം സാന്നിധ്യം കാണുന്നതായി മണ്ണുപരിശോധനാ ഫലങ്ങൾ സൂചിപ്പിക്കുന്നതായി കീട നിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ഒരു കിലോഗ്രാം മണ്ണിൽ 2 മില്ലി ഗ്രാം അഥവാ 2 പി.പി.എം. ആണ് നെൽച്ചെടിക്ക് അനുവദനീയമായ മണ്ണിലെ പരമാവധി അലൂമിനിയത്തിൻ്റെ അളവ് എന്നിരിക്കെ കുട്ടനാട്ടിലെ നെൽപ്പാടങ്ങളിൽ നിന്നും അലൂമിനിയം പരിശോധന നടത്തിയ 12 സാമ്പിളുകളിൽ ഏറ്റവും കുറഞ്ഞ അളവ് 77.51 പിപിഎം. ഉം കൂടിയത് 330 പിപിഎം. ഉം ആണ്. അധികതോതിൽ ലഭ്യമാകുന്ന ഈ അലൂമിനിയം ചെടിയുടെ വേരുപടലത്തിന്റെ നാശത്തിനു കാരണമാകും.

**പരിഹാര മാർഗ്ഗങ്ങൾ** – മണ്ണിന്റെ അമ്ലത ക്രമീകരിക്കു ന്നതിനായി. കുമ്മായ വസ്തുക്കളിട്ട് മണ്ണ് നന്നായി കഴുകിയിറക്കിയാൽ മാത്രമേ അമ്ലത ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കൂ. അലൂമിനിയത്തിൻ്റെ ആധിക്യത്തെ ഏറ്റവും ഫലപ്രദ മായി നിയന്ത്രിക്കാൻ കഴിയുന്ന കുമ്മായ വസ്തുക്കൾ ഡോളോമൈറ്റും കാൽസ്യം സിലിക്കേറ്റുമാണ്.

**കുമ്മായ വസ്തുക്കൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

മണ്ണിന്റെ അമ്ലതയ്ക്കനുസരിച്ച് നിശ്ചിത അളവിൽ കുമ്മായ വസ്തുക്കൾ പ്രയോ ഗിക്കണം. ഡോളോമൈറ്റ്/ കാൽസ്യം സിലിക്കേറ്റ് ഒരേക്കറിന് ഏറ്റവും കുറഞ്ഞത് 100 കിലോ ഗ്രാം എങ്കിലും ചേർക്കണം.

കുമ്മായ വസ്തുക്കൾ ഒരു കാരണവശാലും രാസവളങ്ങൾക്കൊപ്പം ചേർത്തു പ്രയോഗിക്കരുത്.

കുമ്മായ പ്രയോഗത്തിലൂടെ മണ്ണിൻ്റെ അമ്ലത ലഘൂകരിച്ചതിനുശേഷം മാത്രം വളപ്രയോഗം നടത്തും. എങ്കിൽ മാത്രമേ വളങ്ങളിലടങ്ങിയിരിക്കുന്ന മൂലകങ്ങൾ ചെടിയ്ക്ക് ആഗിരണം ചെയ്യാൻ സാധിക്കൂ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിലങ്ങളിൽ പ്രയോഗിക്കുന്നതിനു മുമ്പ് ഉപയോഗിക്കുന്ന കുമ്മായ വസ്തുക്ക ളുടെ ഗുണമേൻമ പരിശോധിച്ച് ഉറപ്പാക്കണം.

3. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര ക്രിസ്മസ് ട്രീകൾ ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീ തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം – 300 രൂപയും, തുജ – രണ്ട് വർഷം പ്രായമായത് – 500 രൂപയും, അരക്കേറിയ – നാലടി ഉയരം – 400 രൂപ എന്നീ നിരക്കിലാണ് വില്പനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. **എറണാകുളം ജില്ലയിൽ** ആലുവ സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471192, ഒക്കൽ സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471193, വൈറ്റില കോക്കനട്ട് നഴ്സറി, ഫോൺ നമ്പർ 9383471194, ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, നേര്യമംഗലം ഫോൺ നമ്പർ 9383479915. **തൃശ്ശൂർ ജില്ലയിൽ** ചേലക്കര ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, ഫോൺ നമ്പർ 9383471433, കോടശ്ശേരി സ്റ്റേറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സീഡ് ഫാം, ഫോൺ നമ്പർ 9383471427, എടത്തുരുത്തി സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471431, പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383471426 എന്നീ ഫാമുകളിൽ ലഭ്യമാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കൂൺ കൃഷി"** എന്ന വിഷയത്തിൽ 2025 ഡിസംബർ 17ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ (UPIid kvkthrissur.527@sbi). താൽപര്യമുള്ളവർ **9400483754** എന്ന ഫോണ് നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ 18/12/2025 ന് പരിശീലനം സംഘടിപ്പിക്കുന്നു. ₹550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ

ff



10 മുതൽ 5 വരെ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് '**മുട്ടക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ സൗജന്യ ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 16, 17 ന് രാവിലെ 10 മണി മുതലാണ് പരിശീലനം. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ ഡിസംബർ 17, 18 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുകയോ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് 2025 ഡിസംബർ 17-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ തേനീച്ചവളർത്തലിൽ ഓൺലൈൻപരിശീലനം നടത്തുന്നു.

ff




Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക. **E-mail: training@rubberboard.org.in**


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം